# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2029 01.02.2018 ൽ മറുപടിയ്ക്ക്

### ഭിന്നശേഷിക്കാർക്ക് ഫോർവീലർ ലൈസൻസ്

| ചോദ്യം<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. വി.ടി.ബൽറാം | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഭിന്നശേഷിക്കാർക്ക് ഫോർവീലർ വാഹനങ്ങൾ ഓടിക്കുന്നതിന് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങളും നിബന്ധനകളും വിശദമാക്കാമോ; | (എ) | വാഹനം ഓടിക്കുന്നതിന് ലൈസൻസ് ലഭിക്കുന്നതിന് പൊതുവിഭാഗത്തിൽ-പ്പെടുന്നവർക്കുള്ള മാനദണ്ഡങ്ങളും നിബന്ധനകളും ഭിന്നശേഷിക്കാർക്കും ബാധകമാണ്. ഭിന്നശേഷിയുള്ള വ്യക്തി അംഗവൈകല്യമുള്ള ആളാണെങ്കിൽ അംഗീകൃത അസ്ഥിരോഗ വിദഗ്ധനിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ്. ബധിര വിഭാഗത്തിൽപ്പെട്ട ആളാണെങ്കിൽ അംഗീകൃത ഇ.എൻ.ടി. ഡോക്ടർ നൽകിയ സർട്ടിഫിക്കറ്റ് എന്നിവ കൂടി ഹാജരാക്കണം. ഫോർവീലറുകളിൽ ബ്രേക്കും ആക്സിലേറ്ററും കൈകൊണ്ട് ഉപയോഗിക്കാവുന്ന തരത്തിലും ഓട്ടോമാറ്റിക് ക്ലച്ച് ഘടിപ്പിച്ചതും ഓട്ടോമാറ്റിക് ഗിയർ ഉള്ളതുമായി രൂപമാറ്റം വരുത്തുവാൻ അംഗീകാരം ലഭിച്ചിട്ടുള്ള വർക്ക്ഷോപ്പുകളിൽ രൂപമാറ്റം വരുത്തിയ വാഹനങ്ങൾ ഓടിയ്ക്കുന്നതിന് യോഗ്യരായ ഭിന്നശേഷിക്കാർക്ക് ഡ്രൈവിംഗ് ലൈസൻസ് നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മെഡിക്കൽ ബോർഡ് നൽകുന്ന, വാഹനം ഓടിക്കാൻ സാധിക്കുമെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓട്ടോമാറ്റിക് ഗിയർ ഷിഫ്റ്റ് സിസ്റ്റമുള്ള ഫോർവീലർ വാഹനം ഓടിക്കുന്നതിന് ഇവർക്ക് ലൈസൻസ് നൽകാറുണ്ടോ; വിശദമാക്കാമോ; | (ബി) & (സി) | മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകാറുണ്ട്. |
| (സി) | ഇല്ലെങ്കിൽ മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവർക്ക് ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ